# കേരള സർവകലാശാല

നം.പി.ആർ.9/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷ തീയതി

2019 ജനുവരി 16 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – ഫുൾടൈം/റെഗുലർ ഈവനിംഗ്/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം) ഡിഗ്രി പരീക്ഷ (MBA 203 – Operations Research) 2019 ജനുവരി 31 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248) – 2016 അഡ്മിഷൻ– റെഗുലർ, 2015 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ജനുവരി 23 വരെ ഓൺലൈനായി അപേക്ഷിക്കാം.

### തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ, സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (മോർണിംഗ് ബാച്ച്), സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സുകൾക്ക് 2019 ജനുവരി 22 വരെ അപേക്ഷിക്കാം. ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ കോഴ്സിന്റെ യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് ദൈർഘ്യം: ആറ് മാസം, ഫീസ്: 15000 രൂപ, അപേക്ഷാഫീസ്: 100 രൂപ, ക്ലാസ്: തിങ്കൾ മുതൽ വെള്ളി വരെ, സമയം: രാവിലെ 7 മുതൽ 9 മണി വരെ. സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ കോഴ്സിന്റെ യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് ദൈർഘ്യം: മൂന്ന് മാസം, ഫീസ്: 6000 രൂപ, അപേക്ഷാഫീസ്: 100 രൂപ, ക്ലാസ്: തിങ്കൾ മുതൽ വെള്ളി വരെ, സമയം: രാവിലെ 7 മുതൽ 9 മണി വരെ. സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് ദൈർഘ്യം: ആറ് മാസം, ഫീസ്: 7500 രൂപ, അപേക്ഷാഫീസ്: 100 രൂപ, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ മാത്രം, സമയം: രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ. അപേക്ഷാ ഫോറത്തിന് സെനറ്റ് ക്യാമ്പസിലെ SBI ബ്രാഞ്ചിൽ A/C No. 57002299878 ൽ 100 രൂപ ഒടുക്കിയ രസീത് സഹിതം പി.എം.ജി ജംഗ്ഷനിലെ CACEE ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 – 2302523.

### ത്രിദിന ദേശീയ സെമിനാറുകൾ

വിദൂര വിദ്യാഭ്യാസ വിഭാഗം 'മലയാളത്തിന്റെ അയ്യപ്പപ്പണിക്കർ' എന്ന വിഷയത്തിൽ നടത്തുന്ന ത്രിദിന ദേശീയ സെമിനാർ സർവകലാശാല സെനറ്റ് ചേംബറിൽ ജനുവരി 15 ന് ആരംഭിക്കും. അന്നേദിവസം പ്രബന്ധാവതരണം ഉണ്ടായിരിക്കും. 16 ന് രാവിലെ 11 മണിയ്ക്ക് ബഹു. പ്രോ.വൈസ് ചാൻസലർ ഡോ.പി.പി അജയകുമാർ സെമിനാർ ഉദ്ഘാടനം നിർവ്വഹിക്കും. വിദൂര വിദ്യാഭ്യാസ വിഭാഗം ഡയറക്ടർ ഡോ.കെ.എസ് സീനത്ത് അദ്ധ്യക്ഷത വഹിക്കുന്ന ചട

ങ്ങിൽ രജിസ്ട്രാർ ഡോ.സി.ആർ പ്രസാദ്, സിൻഡിക്കേറ്റ് അംഗം ഡോ.എസ്.നസീബ്, ഡോ.എസ് പ്രശോഭൻ, ഡോ.ബി.വി ശശികുമാർ എന്നിവർ ആശംസ അർപ്പിക്കും. വിദൂര വിദ്യാഭ്യാസ വിഭാഗം പ്രൊഫസർ ഡോ.എ.എം ഉണ്ണിക്കൃഷ്ണൻ സ്വാഗതവും ഓർഗനൈസിംഗ് സെക്രട്ടറി ഡോ.എസ് സുജ കൃതജ്ഞതയും പറയും.

കാര്യവട്ടം ക്യാമ്പസിലെ ബയോകെമിസ്ട്രി വകുപ്പിൽ "Recent Biochemical Approaches in Therapeutics (RBAT-V,2019)" എന്ന വിഷയത്തെ ആസ്പദമാക്കി 2019 ജനുവരി 23, 24, 25 തീയതികളിൽ ത്രിദിന ദേശീയ സെമിനാർ നടത്തുന്നു. ഹൃദ്രോഗം, അർബുദം, പ്രമേഹം, നാനോടെക്നോളജി, ടിഷ്യു എഞ്ചിനീയറിംഗ്, ഇൻഫ്ളമേഷൻ, നാച്വുറൽ പ്രോഡക്ട് തെറാപ്പി തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള പ്ലീനറി ലക്ചറുകളും, ചർച്ചകളും ഈ സെമിനാറിന്റെ പ്രത്യേകതയാണ്. ഭാരതത്തിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള ശാസ്ത്രജ്ഞൻമാരും അദ്ധ്യാപകരും ഗവേഷക വിദ്യാർത്ഥികളും പങ്കെടുക്കും.

തിരുവനന്തപുരം.
14.01.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098